സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടുകളിൽ മിനിമം ബാലൻസ്

ഫെ: നമ്പർ: DBOD. DIR.BC.53/13.10.00/2002-03 2002, ഡിസംബർ 26

എല്ലാ വാണിജ്യ ബാങ്കുകൾക്കും
(RRB കൾ, LAB കൾ ഒഴികെ)

സർ,

സേവിങ്ങ് ബാങ്ക് അക്കൗണ്ടുകളിൽ മിനിമം ബാലൻസ്

സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടുകളിൽ മിനിമം ബാലൻസ് നിലനിർത്തുന്നതിനെക്കുറിച്ച് യാതൊരു മാർഗ്ഗ രേഖകളും റിസർവ് ബാങ്ക് നിർദ്ദേശിച്ചിട്ടില്ല. ഇത്തരം അക്കൗണ്ടുകൾ നിലനിർത്താനും സേവനം നടത്താനും ഉണ്ടാകുന്ന ചെലവുകൾ കണക്കിലെടുത്തുകൊണ്ട് മിനിമം ബാലൻസ് നിർദ്ദേശിക്കുകയും അത് നിലനിർത്തിയില്ലെങ്കിൽ പ്രത്യേകമായ ചാർജ്ജുകൾ ഈടാക്കുകയുമാണ് ബാങ്കുകൾ ചെയ്യുന്നത്. പക്ഷെ, ഈ കാര്യത്തിൽ ഒരു ഏകീകൃത സമീപനം ഇല്ല.

2. അക്കൗണ്ടുകൾ ഇറക്കുമ്പോൾ മിനിമം ബാലൻസ് നിലനിർത്തിയില്ലെങ്കിൽ പ്രത്യേകമായ ചാർജ്ജുകൾ ഈടാക്കപ്പെടുമെന്നതിനെക്കുറിച്ചും ബാങ്കുകൾ ഉപഭോക്താവിനെ ശരിയായ രീതിയിൽ അറിയിക്കുന്നില്ലെന്ന് ഞങ്ങൾക്ക് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അക്കൗണ്ടിൽ നിലനിർത്തേണ്ട മിനിമം ബാലൻസിൽ മാറ്റം വരുമ്പോഴും ഉപഭോകാതാവിന് വിവരം ശരിയായി ലഭിച്ചിട്ടുണ്ടെന്നും ബാങ്കുകൾ ഉറപ്പാക്കുന്നില്ല.
3. ഞങ്ങൾ ഇക്കാര്യം പുനപരിശോധിക്കുകയും അതിന്റെയടിസ്ഥാനത്തിൽ അക്കൗണ്ടുകൾ തുറക്കുമ്പോൾ മിനിമം ബാലൻസ് നിലനിർത്തുന്നതിനെക്കുറിച്ച് സുതാര്യമായ രീതിയിൽ ഉപഭോക്താവിനെ അറിയിക്കണമെന്ന് ബാങ്കുകളെ ഉപദേശിക്കുകയും ചെയ്യുന്നു. ഈ കാര്യത്തിൽ തുടർന്നുണ്ടാകുന്ന ഏതുതരം മാറ്റവും അക്കൗണ്ട് ഉള്ള വ്യക്തികളെ അറിയിക്കണം ഇക്കാര്യം ഏത് വിധത്തിലാണ് നിർവഹിക്കേണ്ടതെന്ന് ബാങ്കുകൾക്ക് സ്വയം നിശ്ചയിക്കാവുന്നതാണ്.
4. കത്ത് കിട്ടി വിവരം അറിയിക്കുക.

വിശ്വസ്തതയോടെ

(ആർ.സി.അഗർവാൾ)
ജനറൽ മാനേജർ